കേരള സർക്കാർ

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

*കർഷകർക്കുള്ള ഇന്റർനാഷനൽ എക്സ്പോഷർ വിസിറ്റ്*

# ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്ന വിധം

*തയ്യാറാക്കിയത്*

*ഐ ടി ഡിവിഷൻ*

*കാർഷികവികസന കർഷകക്ഷേമ വകുപ്പ്*

കർഷകർക്കുള്ള ഇന്റർനാഷനൽ എക്സ്പോഷർ വിസിറ്റ്

# കർഷകർക്കുള്ള നിർദേശങ്ങൾ

## അപേക്ഷകന് താഴെ പറയുന്ന യോഗ്യതകൾ ആവശ്യമാണ്

1. കുറഞ്ഞത് സ്വന്തമായി 0.4 ഹെക്ടറോ (100 സെന്റ്) അതിൽ കൂടുതലോ സ്വന്തം സ്ഥലത്ത് നിലവിൽ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
2. കർഷകർക്ക് കൃഷിയിൽ 10 മുതൽ 30 വർഷത്തെ പരിചയം ഉണ്ടായിരിക്കണം.
3. കൃഷിയിൽ നിന്നുള്ള വാർഷിക വരുമാനം കുറഞ്ഞത് 2 ലക്ഷമെങ്കിലും ഉണ്ടായിരിക്കണം. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്.
4. കർഷകന് പ്ലസ് 2/ പ്രീഡിഗ്രി വിദ്യാഭ്യാസ യോഗ്യതയും, ഇംഗ്ലീഷ് സംസാരിക്കുന്നതിലും എഴുതുന്നതിലും മതിയായ ഗ്രാഹ്യവും ഉണ്ടായിരിക്കണം.
5. 50 വയസോ അതിൽ താഴെയോ പ്രായമുള്ള കർഷകരായിരിക്കണം.

## അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ

1. കൃഷിയിൽ നിന്നുള്ള വാർഷിക വരുമാനം സൂചിപ്പിക്കുന്ന വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്.
2. പാസ്സ്പോർട്ടിന്റെ നമ്പറും കാലാവധി സൂചിപ്പിക്കുന്ന പേജുകളുടെയും പകർപ്പ്.
3. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
4. നിലവിലെ കൃഷിയുടെയും കൃഷിയിൽ സ്വീകരിച്ചിട്ടുള്ള നൂതന സാങ്കേതിക വിദ്യയുടെയും ചിത്രങ്ങൾ.
5. ഭൂമി സംബന്ധമായ രേഖകൾ (നികുതി രസീത് മുതലായവ )

## *അഗ്രികൾച്ചർ ഇൻഫർമേഷൻ മാനെജ്മെൻറ് സിസ്റ്റം*

# എയിംസ് 2.0

കർഷകർക്കുള്ള ഇൻ്റർനാഷനൽ എക്സ്പോഷർ വിസിറ്റിലേക്ക് പരിഗണിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം തയ്യാറാക്കിയിരിക്കുന്നത് കൃഷി വകുപ്പിന്റെ പോർട്ടലായ AIMSൻറെ പുതിയ വേർഷനിൽ ആണ്. ഈ പുതിയ പോർട്ടൽ സന്ദർശിക്കുന്നതിനായി താഴെ കാണുന്ന URL അഡ്രസ് സന്ദർശിക്കുക.

*https://www.aimsnew.kerala.gov.in/*

നിലവിലെ AIMS പോർട്ടലിലെ ലോഗിൻ ഐ ഡി, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് കർഷകർക്ക് ഈ പോർട്ടലിലും ലോഗിൻ ചെയ്യാവുന്നതാണ്

കർഷകർക്കുള്ള ഇന്റർനാഷനൽ എക്സ്പോഷർ വിസിറ്റ്

# കർഷകർക്കുള്ള നിർദേശങ്ങൾ

1. എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് രജിസ്ട്രേഷൻ ഐ ഡി ലഭ്യമായിട്ടുള്ള കർഷകർക്ക് മാത്രമേ ഓൺലൈൻ സംവിധാനം വഴി അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. രജിസ്റ്റർ ചെയ്യാത്ത കർഷകർ ആദ്യം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ഐ ഡി, പാസ്‌വേർഡ് എന്നിവ സ്വന്തമാക്കേണ്ടതാണ്. അതിനു ശേഷം സ്വന്തം ലോഗിൻ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
2. തുടർന്ന് കൃഷി ചെയ്യുന്ന എല്ലാ കൃഷി ഭൂമിയുടെയും കൃഷിയുടെയും വിവരങ്ങൾ ഡാഷ്ബോർഡിലെ MY LAND, MY CROPS എന്നീ സൗകര്യങ്ങൾ വഴി പോർട്ടലിലേക്ക് നൽകുക. വിവരങ്ങൾ കൺഫേം ചെയ്യുക. ഭൂമിയുടെ വിവരങ്ങൾ റവന്യൂ വകുപ്പിന്റെ ReLIS പോർട്ടലിൽ ലഭ്യമെങ്കിൽ നികുതി രസീത് അപ്‌ലോഡ് ചെയ്യേണ്ട ആവശ്യമില്ല.
3. ഒന്നിലധികം കൃഷിഭവന്റെ പരിധികളിൽ കൃഷി ഉണ്ടെങ്കിലും ഏതെങ്കിലും ഒരു കൃഷിഭവനിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കുക. MY CROPS സൗകര്യത്തിൽ നൽകിയിട്ടുള്ള നിലവിലെ എല്ലാ വിള വിവരങ്ങളെയും ഒരു കൃഷിഭവനിലേക്കുള്ള ഒരു അപേക്ഷയിൽ ഉൾപ്പെടുത്തുവാൻ സാധിക്കും.
4. കർഷകരുടെ കൃഷി വിവരങ്ങളുടെ ചിത്രങ്ങൾ, നിലവിൽ സ്വീകരിച്ചിട്ടുള്ള നൂതന സാങ്കേതിക വിദ്യയുടെ ചിത്രങ്ങൾ എന്നിവയോടൊപ്പം, കൃഷിയിൽ നിന്നുള്ള വരുമാനം കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, കുറഞ്ഞത് 6 മാസമെങ്കിലും (2023 ഫെബ്രുവരി 1 മുതൽ) വാലിഡിറ്റി ഉള്ള പാസ്സ്പോർട്ടിന്റെ ബന്ധപ്പെട്ട പേജുകൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകൾ, തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

കർഷകർക്കുള്ള ഇന്റർനാഷനൽ എക്സ്പോഷർ വിസിറ്റ്

# കർഷകർക്കുള്ള നിർദേശങ്ങൾ

**താഴെ പറയുന്ന മാനദണ്ഡങ്ങളുള്ള കർഷകർക്ക് എക്സ്പോഷർ പരിശീലന പരിപാടിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.**

1. കുറഞ്ഞത് 0.4 ഹെക്ടറോ (100 സെന്റ്) അതിൽ കൂടുതലോ സ്ഥലത്ത് നിലവിൽ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൃഷി/ കൃഷിസ്ഥല വിസ്തീർണ്ണം പൂർണ്ണമായും അപേക്ഷയിൽ കാണിച്ചിരിക്കണം.
2. കർഷകർക്ക് കൃഷിയിൽ 10 മുതൽ 30 വർഷത്തെ പരിചയം ഉണ്ടായിരിക്കണം.
3. വ്യത്യസ്ത വിളകൾ കൃഷി ചെയ്യുന്നവർക്കും ഇസ്രായേലിലെ വിളകൾ കൃഷി ചെയ്യുന്നവർക്കും വിള വിസ്തൃതിക്കനുസരിച്ച് മുൻഗണന ലഭിക്കും.
4. കൃഷിയിൽ നിന്നുള്ള വാർഷിക വരുമാനം കുറഞ്ഞത് 2 ലക്ഷമെങ്കിലും ഉണ്ടായിരിക്കണം. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യേണ്ടതാണ്.
5. കർഷകന് പ്ലസ് 2/ പ്രീഡിഗ്രി വിദ്യാഭ്യാസ യോഗ്യതയും, ഇംഗ്ലീഷ് സംസാരിക്കുന്നതിലും എഴുതുന്നതിലും മതിയായ ഗ്രാഹ്യവും ഉണ്ടായിരിക്കണം.
6. 50 വയസോ അതിൽ താഴെയോ പ്രായമുള്ള കർഷകരായിരിക്കണം.
7. കർഷകൻ ഏതെങ്കിലും കർഷക ഉത്പാദക സംഘടനയിലെ അംഗമാണെങ്കിൽ മുൻഗണന ലഭിക്കും.

## താഴെ പറയുന്ന മാനദണ്ഡങ്ങളുള്ള കർഷകർക്ക് എക്സ്പോഷർ പരിശീലന പരിപാടിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

കർഷകർക്കുള്ള ഇന്റർനാഷനൽ എക്സ്പോഷർ വിസിറ്റ്

# കർഷകർക്കുള്ള നിർദേശങ്ങൾ

8. കർഷകനു സാധുവായ പാസ്പോർട്ട് ഉണ്ടായിരിക്കണം. പാസ്സ്പോർട്ടിന് 2023 ഫെബ്രുവരി 1 മുതൽ കുറഞ്ഞത് 6 മാസമെങ്കിലും കാലാവധി ഉണ്ടായിരിക്കണം.

9. വിവിധ ഹൈടെക് കൃഷിരീതികളിൽ അതീവ താൽപര്യമുള്ള നവീന ആശയങ്ങളുള്ള കർഷകരായിരിക്കണം.

10. വിമാനച്ചെലവ് ഒടുക്കാൻ തയ്യാറുള്ള കർഷകർക്ക് മുൻഗണന ലഭിക്കും.

11. ബാങ്കുകളിൽ നിന്നുള്ള ക്രെഡിറ്റുകൾ (ലോണുകൾ) ഉൾപ്പെടെയുള്ള മൂലധനം ഉപയോഗപ്പെടുത്തി നൂതന സാങ്കേതിക വിദ്യകൾ സ്വന്തമായി സ്വന്തം കൃഷിഭൂമിയിൽ ചെയ്യാനും, മറ്റുള്ളവർക്ക് ഇത്തരം അറിവുകൾ പകർന്നു നൽകാനും തയ്യാറായ കർഷകരായിരിക്കണം.

12. വിദേശ യാത്രയുമായി ബന്ധപ്പെട്ടതോ/ പദ്ധതിയുമായി ബന്ധപ്പെട്ടതോ അയ്യാ എല്ലാത്തരം ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുവാൻ കർഷകൻ തയ്യാറായിരിക്കണം.




- നിലവിൽ ഐ ഡി ലഭ്യമായിട്ടുള്ളവർ ലോഗിൻ എന്ന മെനു ഉപയോഗിക്കുക.
- ഇത് വരെയും രജിസ്റ്റർ ചെയ്യാത്തവർ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷം ലോഗിൻ ചെയ്യുക




തുടർന്ന് വരുന്ന പേജിൽ ലോഗിൻ ഐ ഡി, പാസ്സ്‌വേർഡ്, ക്യാപ്ച്ച എന്നിവ നൽകിയ ശേഷം ലോഗിൻ അമർത്തുക




തുടർന്ന് മുകളിൽ കാണുന്ന മാതൃകയിൽ ഡാഷ്ബോർഡ് കാണാൻ സാധിക്കുന്നതാണ്. കൃഷി ചെയ്യുന്ന എല്ലാ കൃഷി ഭൂമിയുടെയും കൃഷിയുടെയും വിവരങ്ങൾ ഡാഷ്ബോർഡിലെ MY LAND, MY CROPS എന്നീ സൗകര്യങ്ങൾ വഴി പോർട്ടലിലേക്ക് നൽകുക. ഇതിൽ കാണുന്ന“ Apply For New Service” അഥവാ “**സേവനങ്ങൾക്ക് അപേക്ഷിക്കുക**” എന്ന ബട്ടണിൽ അമർത്തുക.




തുടർന്ന് വരുന്ന സ്ക്രീനിൽ നിന്നും അപേക്ഷ സമർപ്പിക്കേണ്ട കൃഷിഭവൻ (ആ കൃഷിഭവൻ പരിധിയിൽ കൃഷി വിവരങ്ങൾ ചേർത്തിട്ടുണ്ടാകണം), സേവനത്തിന്റെ തരം, സേവനം എന്നിവ തിരഞ്ഞെടുക്കുക.




തുടർന്ന് "Apply for New" ബട്ടൺ അമർത്തുക




തുടർന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് നിർദേശങ്ങൾ വ്യക്തമായി വായിച്ചു മനസിലാക്കുക. തുടർന്ന് "Proceed" ബട്ടൺ അമർത്തുക.




**അപേക്ഷാ പേജിൽ കാണുന്ന വിവരങ്ങൾ യഥാക്രമം നൽകുക**

1. അപേക്ഷകന്റെ വയസ്സ്, പാസ്സ്പോർട്ട് നമ്പർ, പാസ്സ്പോർട്ടിന്റെ വാലിഡിറ്റി, കൃഷിയിൽ നിന്നുള്ള വാർഷിക വരുമാനം, വിമാനച്ചെലവ് ഒടുക്കാൻ തയ്യാറാണോ (അതെ/ അല്ല) എന്നീ വിവരങ്ങൾ നൽകുക.
2. കൃഷിയിൽ നിന്നുള്ള വരുമാനം കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, കുറഞ്ഞത് 6 മാസമെങ്കിലും (2023 ഫെബ്രുവരി 1 മുതൽ) വാലിഡിറ്റി ഉള്ള പാസ്സ്പോർട്ടിന്റെ ബന്ധപ്പെട്ട പേജുകൾ എന്നിവ അപ്ലോഡ് ചെയ്യുക.

വിവരങ്ങൾ നൽകിയ ശേഷം Save ബട്ടൺ അമർത്തുക




കൃഷിയുടെ വിവരങ്ങൾ ഓരോന്നായി തെരഞ്ഞെടുത്ത് ADD ബട്ടൺ ഉപയോഗിച്ച് അപ്ഡേറ്റ് ചെയ്യുക. (ഒന്നിൽക്കൂടുതൽ ഭൂമി ഉണ്ടെങ്കിൽ ഓരോ ഭൂമിയും തെരഞ്ഞെടുത്തതിന് ശേഷം ആ ഭൂമിയിലെ കൃഷിയുടെ വിവരങ്ങൾ ഓരോന്നായി നൽകണം). ഓരോ കൃഷിയുടെയും ഫോട്ടോ അപ്ലോഡ് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്.



**Activity Details ( പ്രവർത്തന വിവരങ്ങൾ )**

| | |
|---|---|
| Whether a member in any FPO * | Select |
| If Yes, Name and address of FPO | |
| Total Land Area owned (Cents) | 718.95 |
| Experience in farming food crops * | Select |
| Experience in Hitech farming * | Select |

Save »

**Innovative Technologies Used (ഉപയോഗിച്ചിട്ടുള്ള നൂതന സാങ്കേതിക വിദ്യകൾ)**

| | |
|---|---|
| Innovative Technologies used | Select |
| Image of Technology Used | Choose File No file chosen<br>File Upload Type - jpeg, jpg, png(Max File Size 2.00 MB ) |

+Add

**Added Details**

| Innovative Technologies used | Image of Technology Used | Actions |
|---|---|---|
| | No Data Found | |

പ്രവർത്തന വിവരങ്ങൾ, ഉപയോഗിച്ചിട്ടുള്ള നൂതന സാങ്കേതിക വിദ്യകൾ എന്നിവയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുക. Total Land Area ownedഎന്ന കോളം കൃഷിഭൂമി വിവരങ്ങളിൽ നിന്നും ഓട്ടോമാറ്റിക് ആയി ഫിൽ ചെയ്യുന്നതാണ്.

ആവശ്യമായ വിവരങ്ങൾ ചേർത്തതിനു ശേഷം Save ബട്ടൺ അമർത്തുക.




വിദ്യാഭ്യാസ യോഗ്യത, ഇംഗ്ലീഷ് ഭാഷയിലെ പരിജ്ഞാനം എന്നിവയിൽ യോഗ്യമായത് തെരഞ്ഞെടുത്ത് നൽകുക. ആവശ്യമായ രേഖകളും സമർപ്പിക്കുക.

ആവശ്യമായ വിവരങ്ങൾ ചേർത്തതിനു ശേഷം Save ബട്ടൺ അമർത്തുക. അതിനു ശേഷം Submit Application ബട്ടൺ അമർത്തുക.




തുടർന്ന് സമർപ്പിക്കപ്പെടാൻ പോകുന്ന അപേക്ഷയുടെ ഒരു പ്രിവ്യൂ കാണാൻ സാധിക്കും. നൽകിയിട്ടുള്ള വിവരങ്ങൾ പരിശോധിച്ച് ഉറപ്പിച്ച ശേഷം **Final Submit** ബട്ടൺ അമർത്തുക.






Final Submit ബട്ടന്റെ സമീപത്തായി നൽകിയിട്ടുള്ള Print Application ബട്ടൺ ഉപയോഗിച്ച് സമർപ്പിക്കാൻ പോകുന്ന പരാതി/അപേക്ഷ പ്രിൻറ് എടുക്കാവുന്നതാണ്.




പേജിൻറെ ഏറ്റവും മുകളിലായി നൽകിയിട്ടുള്ള Language ഓപ്ഷൻ ഉപയോഗിച്ച് ഭാഷ മാറ്റാവുന്നതാണ്.

നിലവിൽ ഇംഗ്ലീഷ്, മലയാളം ഭാഷകൾ ലഭ്യമാണ്.







ഏതെങ്കിലും കാരണത്താൽ അപേക്ഷ സമർപ്പിക്കാൻ കഴിയാതെ പകുതിയ്ക്ക് മുറിഞ്ഞു പോയാൽ പ്രസ്തുത അപേക്ഷ Draft ആയി സേവ് ആകുന്നതാണ്. Draft **അപേക്ഷകൾ** കാണുന്നതിന് My Applications ടാബ് സന്ദർശിക്കുക.




സമർപ്പിക്കപ്പെട്ട കഴിഞ്ഞ പരാതിയുടെ/അപേക്ഷയുടെ വിവരങ്ങൾ My Applications ടാബിൽ Submitted എന്ന വിഭാഗത്തിന് കീഴിൽ കാണുവാൻ സാധിക്കുന്നതാണ്.




കർഷകന്റെ പ്രൊഫൈൽ വിവരങ്ങൾ കാണുന്നതിനും തിരുത്തുന്നതിനുമായി ഏറ്റവും മുകളിൽ വലതു വശത്തായി നൽകിയിട്ടുള്ള **പ്രൊഫൈൽ** മെനു ഉപയോഗിക്കാവുന്നതാണ്.

**AIMS പോർട്ടലുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് സ്റ്റേറ്റ് ഹെല്പ് ഡെസ്കിൽ ബന്ധപ്പെടുക.**

https://www.aimsnew.kerala.gov.in, https://www.aims.kerala.gov.in,




**Ph No : 0471 – 2968122, 0471- 2303990, 0471 – 2309122**

**Email : *aimsagrikerala@gmail.com*, *aims.agri@kerala.gov.in*,**

ഐ ടി ഡിവിഷൻ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്